**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1660** **11-10-2024 - ൽ മറുപടിയ്ക്ക്**

**താമര കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് താമര കൃഷി ഏതെല്ലാം സ്ഥലങ്ങളിൽ നടത്തുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് താമരക്കൃഷി നിലവിൽ ഉള്ള ജില്ലകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. തിരുവനന്തപുരം - വാമനപുരം ബ്ലോക്ക് പരിധിയിൽ മാണിക്കൽ പഞ്ചായത്തിൽ താമരഭാഗം ഏലായിൽ 50 സെൻറ് സ്ഥലത്ത് താമര കൃഷി ചെയ്യുന്നു.<br><br>2. കൊല്ലം - ചിറക്കര കൃഷി ഭവനിൽ 2 ഹെക്ടറും, കല്ലുവാതുക്കൽ കൃഷിഭവനിൽ ഒരു ഹെക്ടറും, പൂതക്കുളം കൃഷിഭവനിൽ ഒരു ഹെക്ടറും, വടക്കേവിള 0.5 ഹെക്ടറും, വെസ്റ്റ് കല്ലട ഒരു ഹെക്ടറും തുടങ്ങിയ കൃഷി ഭവനുകളിൽ താമര കൃഷി ചെയ്തു വരുന്നു .<br><br>3. പത്തനംതിട്ട -പന്തളം ബ്ലോക്ക് പരിധിയിൽ 25 സെൻറിൽ താമര കൃഷി ചെയ്യുന്നുണ്ട്.<br><br>4. കോട്ടയം - Regional Agricultural Research Station കുമരകം, കൃഷി വിജ്ഞാൻ കേന്ദ്രം കുമരകം എന്നിവടങ്ങളിൽ ടൂറിസത്തിന്റെ ഭാഗമായും ഏറ്റുമാനൂർ ബ്ലോക്കിൽ തിരുവാർപ്പ് കൃഷിഭവന്റെ പരിധിയിലും താമര കൃഷി ചെയ്യുന്നു .<br><br>5. തൃശ്ശൂർ - അന്തിക്കാട് ബ്ലോക്കിലെ ചാഴൂർ കൃഷിഭവന് കീഴിൽ 10 ഏക്കർ താമര കൃഷി ചെയ്യുന്നുണ്ട്.<br><br>6. മലപ്പുറം - തവനൂർ ബ്ലോക്ക് ഈഴവതിരുത്തി കൃഷിഭവൻ പരിധിയിലും, തിരൂർ ബ്ലോക്ക് തിരുനാവായ കൃഷിഭവൻ പരിധിയിലും താമര കൃഷി ചെയ്യുന്നുണ്ട്.<br><br>7. കണ്ണൂർ - തലശ്ശേരി ബ്ലോക്കിൽ വേങ്ങാട് കൃഷിഭവൻ പരിധിയിൽ പട്ടുവിലായ് എന്ന സ്ഥലത്ത് താമര കൃഷി ചെയ്യുന്ന കർഷകരുണ്ട്. |
| (ബി) | ഔദ്യോഗിക പുഷ്പ കൃഷിയായി താമര കൃഷിയെ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം | (ബി) | ഇല്ല. ഈ അടുത്തകാലത്തായാണ് താമര കൃഷി കേരളത്തിൽ വ്യാപിച്ചു തുടങ്ങുന്നത്. |

| | | | |
|---|---|---|---|
| | എന്താണെന്ന് അറിയിക്കാമോ; | | |
| (സി) | തിരുനാവായിലെ താമര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) | മലപ്പുറം ജില്ലയിൽ തിരുനാവായ പഞ്ചായത്തിലെ താമര കർഷകർക്ക് 2021-22 സാമ്പത്തിക വർഷത്തിൽ "പുഷ്പകൃഷി വികസനം" 2021 -22 പദ്ധതിയിൽ ജില്ലയിൽ നിന്നും ലഭിച്ച പ്രോജെക്റ്റിനെ ആസ്പദമാക്കി 47 കർഷകർക്ക് 49.98 ഹെക്ടർ സ്ഥലത്ത് താമര കൃഷി ചെയ്യുന്നതിനു 15 ലക്ഷം രൂപ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.. |
| (ഡി) | തിരുനാവായിലെ താമര കർഷകർക്ക് കൃഷി വകുപ്പ് നൽകി വരുന്ന പിന്തുണ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി) | മലപ്പുറം ജില്ലയിൽ തിരുനാവായ പഞ്ചായത്തിലെ താമര കർഷകർക്ക് 2021-22 സാമ്പത്തിക വർഷത്തിൽ "പുഷ്പകൃഷി വികസനം" 2021 -22 പദ്ധതിയിൽ ജില്ലയിൽ നിന്നും ലഭിച്ച പ്രോജെക്റ്റിനെ ആസ്പദമാക്കി 47 കർഷകർക്ക് 49.98 ഹെക്ടർ സ്ഥലത്ത് താമര കൃഷി ചെയ്യുന്നതിനു 15 ലക്ഷം രൂപ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ